പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2297 — 19.07.2016 ലെ മറുപടിയ്ക്ക്

## മുൻ സർക്കാരുകളുടെ കാർഷിക കടാശ്വാസ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.കെ. ശശി | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് 2006-11 ലെ എൽ ഡി എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ ഉണ്ടായിരുന്ന കർഷക കുടുംബങ്ങൾ എത്ര എന്നും, കഴിഞ്ഞ യു ഡി എഫ് സർക്കാർ അധികാരമൊഴിയുമ്പോൾ കർഷക കുടുംബങ്ങൾ എത്ര എന്നും, എത്ര കുടുംബങ്ങളുടെ കുറവ് കാർഷിക മേഖലയിൽ ഉണ്ടായി എന്നും ഇതിനു കാരണം എന്ത് എന്നും വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്തെ കർഷക കുടുംബങ്ങളുടെ പ്രസിദ്ധപ്പെടുത്തിയ കണക്ക് 2011-16 കാലയളവിൽ 2012-13 വർഷത്തെ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതനുസരിച്ച് 2012-13 വർഷം സംസ്ഥാനത്ത് ആകെ 14.043 ലക്ഷം കർഷക കുടുംബങ്ങൾ ഉണ്ട് എന്ന് നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി) 2006-11 ലെ മുൻ എൽ ഡി എഫ് സർക്കാരുണ്ടാക്കിയ കാർഷിക കടാശ്വാസ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം എന്നും, ഇതുമൂലം കാർഷിക കടാശ്വാസം ലഭിക്കുന്നതിൽ കർഷകർക്കുണ്ടായ പ്രശ്നങ്ങൾ എന്തെല്ലാം എന്നും, കാർഷിക കടാശ്വാസ ഇനത്തിൽ എത്ര തുക കർഷകർക്ക് കുടിശ്ശികയിനത്തിൽ കഴിഞ്ഞ യു ഡി എഫ് സർക്കാർ വരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) 2012 ആഗസ്റ്റ് 13ാം തീയതിയിലെ 3986/ലെഗ്.ബി 2/2012/നിയമം നമ്പരായ വിജ്ഞാപന പ്രകാരം പ്രധാന ആക്ടിന്റെ 2ാം വകുപ്പ് (vii)ാം ഖണ്ഡത്തിൽ " ഈ ആക്ടിന്റെ പ്രാരംഭ തീയതിയിലോ അതിനു മുമ്പോ "എന്ന വാക്കുകൾക്കു പകരം " ഈ ആക്ടിന്റെ പ്രാരംഭ തീയതിയിലോ അതിനു മുൻപോ അല്ലെങ്കിൽ സംസ്ഥാനത്തെ ഏതെങ്കിലും പ്രത്യേക ദുരന്തബാധിത പ്രദേശത്തെ സംബന്ധിച്ച്, സർക്കാർ ഗസറ്റ് വിജ്ഞാപനം മൂലം നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള ഏതെങ്കിലും തീയതിക്കോ അതിന് മുൻപോ" എന്ന വാക്കുകൾ ചേർക്കപ്പെടുകയുണ്ടായി. ഈ ഭേദഗതി പ്രകാരം കടാശ്വാസം ലഭിക്കുന്നതിൽ കർഷകർക്ക് എന്തെങ്കിലും പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടില്ല. കർഷക കടാശ്വാസ കമ്മീഷൻ രൂപീകൃതമായ വർഷം മുതൽ ബഡ്ജറ്റിൽ അനുവദിക്കുന്ന തുക കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്യുന്ന തുക നൽകുന്നതിന് പര്യാപ്തമല്ല. 2011-12 വർഷം മുതൽ 2015-16 വർഷം വരെയായി കമ്മീഷൻ ശുപാർശ ചെയ്ത 90558739 രൂപ കുടിശ്ശിക നിൽക്കുന്നു.

(സി) കഴിഞ്ഞ യു ഡി എഫ് സർക്കാർ കുട്ടനാട്, ഇടുക്കി, വയനാട് പാക്കേജുകൾ ഫലപ്രദമായി നടപ്പാക്കാത്തതുമൂലമുണ്ടായ പ്രശ്നങ്ങൾ എന്തെല്ലാം എന്നും ഇതു പരിഹരിക്കാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

(സി) കുട്ടനാട്, ഇടുക്കി പാക്കേജുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ ഫലപ്രദമായി പൂർത്തിയായിട്ടില്ല.
വയനാട് പാക്കേജ് പദ്ധതി കൃഷി വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതിയാണ്. പദ്ധതി നിർവ്വഹണത്തെക്കുറിച്ചും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ